**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **07-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; ഏതു സാമ്പത്തിക വർഷമാണ് തുക അനുവദിച്ചതെന്നും എത്ര തുകയാണ് കിഫ്ബി വഴി സമാഹരിച്ച് മേൽ പദ്ധതിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി നൽകുന്നതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. നിലമ്പൂർ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് പദ്ധതിയ്ക്ക് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ 13.33 കോടി രൂപയുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ) വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അത് കിഫ്ബിയിൽ അവലോകനം നടത്തി അവശ്യം വേണ്ട വിശദാംശങ്ങളും മറ്റു രേഖകളും സഹിതം പുനഃസമർപ്പിക്കുന്നതിന് 16-10-2021-ൽ കിറ്റ്കോ-യ്ക്ക് മടക്കി നൽകിയിട്ടുള്ളതുമാണ്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിലമ്പൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിക്കുന്നതിനുള്ള ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിക്കാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. നിലമ്പൂർ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് പദ്ധതിയ്ക്ക് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ 13.33 കോടി രൂപയുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ) വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അത് കിഫ്ബിയിൽ അവലോകനം നടത്തി അവശ്യം വേണ്ട വിശദാംശങ്ങളും മറ്റു രേഖകളും സഹിതം പുനഃസമർപ്പിക്കുന്നതിന് 16-10-2021-ൽ കിറ്റ്കോ-യ്ക്ക് മടക്കി നൽകിയിട്ടുള്ളതുമാണ്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോ ലിമിറ്റഡ് മേൽ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ഡിസൈനും തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടികൾ വിശദമാക്കാമോ; മേൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; | (സി) | ഉണ്ട്. മേൽ പദ്ധതിയ്ക്കായി കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ച ഡി.പി.ആറും ഡിസൈനും കിഫ്ബിയിൽ അവലോകനം നടത്തുകയും അവശ്യം വേണ്ട വിശദാംശങ്ങളും രേഖകളും സഹിതം പുനഃസമർപ്പിക്കുന്നതിന് 16-10-2021-ൽ കിറ്റ്കോ-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് സർക്കാർ/പദ്ധതി നിർവ്വഹണ ഏജൻസി ചുമതലപ്പെടുത്തിയിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി യായ കിറ്റ്കോ ആണ്. |
| (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രം കിഫ്ബി വഴി എത്ര തുകയാണ് അനുവദിക്കാനുദ്ദേശിക്കുന്നതെന്നും ആയതിന്റെ നാളിതുവരെയുള്ള നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; സ്ഥലം ഏറ്റെടുത്ത് നൽകേണ്ടത് ഏത് വകുപ്പാണെന്നും തുക എപ്രകാരമാണ് കിഫ്ബി ചെലവഴിക്കുകയെന്നും അറിയിക്കാമോ? | (ഡി) | 19-02-2021-ലെ സ.ഉ (സാധാ) നം.325/2021/ ഉ.വി.വ നമ്പർ ഉത്തരവു പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന നിലമ്പൂർ കോളേജിന് ആവശ്യമായ അമരമ്പലം വില്ലേജിൽ ബ്ലോക്ക് നം.121-ൽ റീ സർവ്വേ 185/1 നമ്പറിൽപ്പെട്ട ശ്രീ.മുഹമ്മദാലിയുടെ കൈവശത്തിലുള്ള 5 ഏക്കർ ഭൂമി, 7 മീറ്റർ വീതിയിലുള്ള റോഡ് ഉറപ്പാക്കി, ആർ ഒന്നിന് 58,988/- രൂപ വീതം 1,19,35,632/- രൂപ ചെലവഴിച്ച് കിഫ്ബി മുഖാന്തിരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ടാണ് കിറ്റ്കോ കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയത് വിശദാംശങ്ങൾക്കും രേഖകൾക്കുമായി കിറ്റ്കോ-യ്ക്ക് മടക്കി നൽകിയിട്ടുള്ളതും ആയത് ആവശ്യപ്പെട്ട വിവരങ്ങളോടെ കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം തുടർന്നുള്ള കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി പുറപ്പെടുവിക്കാവുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ, സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക കിറ്റ്കോ ആവശ്യപ്പെടുന്ന മുറയ്ക്ക് 24-02-2018-ലെ സ.ഉ (കൈ) നം. 69/2018/ധനനം. ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾക്കായി കിഫ്ബിയിൽ നിന്നും നേരിട്ട് കിറ്റ്കോ-യ്ക്ക് കൈമാറുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**